(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തീരുമാനങ്ങൾക്ക് എതിരായി അപ്പീലോ റിവിഷനോ പരിഗണിക്കുന്നതിനുവേണ്ടിയും അവയിൽ തീർപ്പ് കൽപ്പിക്കുന്നതിനുവേണ്ടിയും ലക്ഷ്യമിട്ടിട്ടുള്ള 'ട്രൈബ്യൂണലുകൾ' രൂപീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിൽ ആണെന്ന് വെളിപ്പെടുത്തുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) :

(എ) ഇല്ല.

(ബി) ഇതു സംബന്ധിച്ച ചട്ടങ്ങൾ പുറപ്പെടുവിച്ചു കഴിഞ്ഞു. രൂപീകരണം സംബന്ധിച്ച നടപടികൾ പുരോഗമിച്ചു വരുന്നു.

(സി) ഇല്ല.

(ഡി) ഇതു സംബന്ധിച്ച ചട്ടങ്ങൾ പുറപ്പെടുവിച്ചുകഴിഞ്ഞു. അനന്തര നടപടികൾ പുരോഗമിച്ചുവരുന്നു.

"സർവ്വേ വകുപ്പിന്റെ പ്രവർത്തനം"

28 (*298)ശ്രീ. കെ.എ. ചന്ദ്രൻ
ശ്രീ. അടൂർ പ്രകാശ് :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർവ്വേ വകുപ്പിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്താറുണ്ടോ;

(ബി) സർവ്വേ അദാലത്ത്, റീസർവ്വേ തുടങ്ങിയ കാര്യങ്ങളുടെ ഉദ്ദേശ ലക്ഷ്യം എന്നത്തേയ്ക്ക് കൈവരിക്കാൻ കഴിയുമെന്നാണ് സർക്കാർ കണക്കാക്കിയിട്ടുള്ളത്;

(സി) ഇതിനാവശ്യമായ ഉദ്യോഗസ്ഥൻമാർ ഇപ്പോൾ സർവ്വേ വകുപ്പിൽ ഉണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഡി) സർവ്വേ അദാലത്ത് കാര്യക്ഷമമാക്കാനും റീസർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാനും സർവ്വേ വകുപ്പിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കാനുള്ള നടപടി അടിയന്തിരമായി കൈക്കൊള്ളുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) ഉണ്ട്.

(ബി) സർവ്വേ അദാലത്ത് തുടർച്ചയായി നടത്തിവരുന്നു. ആധുനിക സാങ്കേതിക വിദ്യയുടേയും ഇലക്ട്രോണിക് ഉപകരണങ്ങളുടേയും സഹായത്തോടെമാത്രം ഭാവിയിൽ റീസർവ്വേ പുനരാരംഭിച്ചാൽ മതിയെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ അടക്കമുള്ള ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിച്ച് റീസർവ്വേ പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് എല്ലാ ജില്ലകളിലും റീസർവ്വേ നടപടികൾ പൂർത്തിയാക്കാൻ കഴിയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി)-(ഡി) കരുതുന്നില്ല.

സർവ്വേ വകുപ്പിലെ സർവ്വേയർമാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

റവന്യൂ ഭരണം കാര്യക്ഷമമാക്കുന്നതിന് നടപടി

29 (*299) ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. എം. റാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂഭരണം കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥതലത്തിലുള്ള അഴിമതികൾ കണ്ടുപിടിക്കുന്നതിനും ആഫീസുപരിശോധനകൾ ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(സി) റവന്യൂഭരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി താലൂക്ക് ആഫീസുകളെയും റവന്യൂ ഡിവിഷണൽ ആഫീസുകളെയും കളക്ട്രേറ്റുകളുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള കമ്പ്യൂട്ടർ ശൃംഖല സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) വില്ലേജ് ഓഫീസുകളിലേയും താലൂക്ക് ആഫീസുകളിലേയും അഴിമതി അവസാനിപ്പിക്കുന്നതിനും പരാതികൾ സമയബന്ധിതമായി അന്വേഷിച്ചു പരിഹാരം കാണുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) 1997-ലെ 14-ാം ആക്ടുപ്രകാരം 1-7-1998 മുതൽ റവന്യൂ ബോർഡ് നിറുത്തലാക്കുകയും റവന്യൂബോർഡ് അംഗത്തിൽ നിക്ഷിപ്തമായിരുന്ന അധികാരം അതാതു വകുപ്പിന്റെ കമ്മീഷണർമാരിൽ നിക്ഷിപ്തമാക്കുകയും ചെയ്തുകൊണ്ട് 23-6-1998-ന് വിജ്ഞാപനം പുറപ്പെടുവിച്ചു. റവന്യൂ വകുപ്പ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വകുപ്പിൽ ജോലിഭാരം കുറഞ്ഞ ഓഫീസുകൾ നിറുത്തലാക്കുകയും പ്രസ്തുത ആഫീസുകളിലെ ഉദ്യോഗസ്ഥന്മാരെ ജോലിഭാരം അധികമായിട്ടുള്ളതും ജീവനക്കാരുടെ അഭാവം ഉള്ളതുമായ ആഫീസുകളിൽ പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ (കളക്ടറേറ്റുകൾ, താലൂക്കാഫീസുകൾ, വില്ലേജാഫീസുകൾ) ഇവിടങ്ങളിലേയ്ക്ക് പുനർവിന്യസിക്കുകയും ചെയ്തുകൊണ്ട് സർക്കാരിന്റെ 14.10.98-ലെ 510/98/ആർ.ഡി.നമ്പർ ഉത്തരവു പുറപ്പെടുവിച്ചത് 1.11.1998 മുതൽ നടപ്പാക്കിയിട്ടുണ്ട്. ഫർക്കാ റവന്യൂ ഇൻസ്പെക്ടർ തസ്തിക നിറുത്തലാക്കിയതിനാൽ താലൂക്കാഫീസിനും വില്ലേജാഫീസിനും ഇടയ്ക്കുള്ള ഒരു തട്ട് ഒഴിവായിട്ടുണ്ട്. താലൂക്കാഫീസിൽ കൂടുതലായി ഒരു തഹസീൽദാരേയും രണ്ട് ഡെപ്യൂട്ടി തഹസീൽദാർമാരേയും, 2 ക്ലാർക്കുമാർ, ഓരോ ടൈപ്പിസ്റ്റ്, 3 പ്യൂൺസ് തുടങ്ങി അധിക ജീവനക്കാരെ നിയമിച്ചതുകൊണ്ട് ഫയലുകളിൽ ഒരു പരിധിവരെ കാലതാമസം ഒഴിവാക്കുവാൻ കഴിഞ്ഞു. ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly